# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 | Issue No. 7 | July 2024 | Rs. 15/-






നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന
മാർ തോമസ് ചക്യത്ത് പിതാവിന്
എറണാകുളം – അങ്കമാലി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 7 July 2024 Rs. 15/-


## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ഇടയലേഖനം - ദുക്റാനതിരുനാൾ |
| 11. | സിനഡനന്തര അറിയിപ്പ് (Ref. No. 5/2024) |
| 15. | സർക്കുലർ 4/2024 |
| 21. | കച്ചേരിക്കാര്യം - Transfers/Appointments |
| 23. | വാർത്തകളും വിശേഷങ്ങളും |
| 25. | വിശ്വാസപരിശീലന കേന്ദ്രം |
| 27. | കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി |
| 29. | ഫാമിലി അപ്പോസ്റ്റലേറ്റ് |
| 32. | AICO |
| 33. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 37. | നൈപുണ്യ ഇന്റർനാഷണൽ |
| 39. | അതിരൂപതാ ഡയറി |



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Tharayil Varkey, Kuthiathodu | 1879 | 1905 | 1-7-1934 |
| Fr. Panjikaren Valiya Joseph, Kuthiathode | | | 1-7-1825 |
| Fr. Thaliath Baselios TOCD, Puthenpally | 1853 | 1878 | 3-7-1916 |
| Fr. Payyappilly Paul, Akaparambu | 1935 | 1963 | 4-7-2018 |
| Fr. Kandathil Thomas, Chempu | 1856 | 1880 | 5-7-1912 |
| Fr. Chennekadan Gerard, Angamaly | | | 5-7-1927 |
| Fr. Vithayathil Joseph, Kuthiathodu | 1929 | 1956 | 5-7-1994 |
| Fr. Parakkal Thariath, Kanjoor | 1880 | 1910 | 6-7-1949 |
| Fr. Maniamkottu Emmanual, S. Parur | 1929 | 1958 | 6-7-1994 |
| Fr. Nayappilly Pathrose, Kothavara | 1899 | 1929 | 7-7-1935 |
| Fr. Alumkara Kuruvila, Vaikom | 1885 | 1911 | 8-7-1946 |
| Fr. Maniamkot Isaac, Chethikode | 1913 | 1940 | 9-7-1997 |
| Msgr. Painumkal Joseph, Chathamma | 1894 | 1920 | 10-7-1967 |
| Fr. Puthussery Varghese, Mookkannoor | 1952 | 1978 | 10-7-2008 |
| Fr. Cheruvallil Kuriakose, Amballoor | 1940 | 1967 | 10-7-2019 |
| Fr. Manikanamparambil Kuriakose, S. Parur | 1859 | | 13-7-1905 |
| Fr. Payyappilly Paul, Kanjoor | 1939 | 1962 | 13-7-2013 |
| Fr. Pudichery George, Edad | 1927 | 1955 | 14-7-2009 |
| Fr. Vezhaparampil Joseph, Kanjoor | 1857 | 1902 | 15-7-1933 |
| Fr. Mangalath Jacob TOCD, Pallipuram | 1828 | | 16-7-1876 |
| Msgr. Kandathil Augustine, Nadel | 1920 | 1947 | 18-7-2001 |
| Fr. Kiriyanthan Sebastian, Narakkal | 1916 | 1947 | 20-7-2005 |
| Fr. Kavalipadan Joseph, Karippassery | 1928 | 1956 | 20-7-2016 |
| Fr. Valookkaran Mathew, Karukutty | 1937 | 1966 | 20-7-2022 |
| Fr. Vezhaparampil Kochouseph, Kanjoor | 1881 | 1909 | 22-7-1941 |
| Fr. Kelamparambil Job, Thycattussery | 1949 | 1975 | 22-7-2021 |
| Fr. Nereveettil George, Edappally | 1963 | 1990 | 22-7-2022 |
| Fr. Sankoorikal Joseph, Narakkal | 1905 | 1935 | 24-7-1989 |
| Fr. Palakkal Kurian TOCD, Pallipuram | 1826 | 1861 | 24-7-1898 |
| Fr. Parappuram Paul, Vallam | 1883 | 1910 | 25-7-1956 |
| Fr. Mulavarikkal Thomas, Prasannapuram | 1922 | 1952 | 29-7-2000 |
| Fr. Kudiyiruppil Joseph, Mattoor | 1931 | 1959 | 29-7-2015 |
| Fr. Panjikaren Joseph, Muttom | 1888 | 1916 | 30-7-1973 |
| Fr. Cheruvallikatt Xavier, Muttom | 1927 | 1957 | 30-7-2004 |
| Fr. Karachira Jose, Thanneermukkom | 1969 | 1994 | 30-7-2023 |

Prot. No. 0642/2024

# ഇടയലേഖനം

## ദുക്റാനതിരുനാൾ - സഭാദിനം 2024

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!**

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞു നില്ക്കുന്ന ദുക്റാനതിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർസഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർതോമാശ്ലീഹാ നടത്തിയ "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപംകൊണ്ടതാണ് നമ്മുടെ സഭ. ദുക്റാനത്തിരുനാൾദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയം കൊണ്ടു തൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസം കൂടിയാണത്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നല്കിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾ ദിവസം നമുക്കു പ്രത്യേകം നന്ദി പറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതു പോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പയോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ് മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനന്റ് സിനഡ് അംഗങ്ങളോടും സഭയുടെ കൂരിയാബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടുംകൂടെ മെയ് 13-ാം തീയതിയാണ് ഫ്രാൻസീസ് മാർപാപ്പയെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടുംകൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവ് ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോമലബാർസഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർസഭയെക്കുറിച്ചു പറഞ്ഞ നല്ല കാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13-ാം തീയതി നടത്തിയ പ്രസംഗത്തിലെ ചിലകാര്യങ്ങൾ ദുക്റാനാതിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലിക പാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: "ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്." നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂല സാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ എന്നും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ട് എന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും

നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണ് പൗരസ്ത്യസഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീഷ്ണതയിലും പ്രേഷിതപ്രവർത്തനത്തിലും പ്രശംസിക്കപ്പെടുന്ന വിധത്തിൽ വളർച്ചപ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയ വിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടുകൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്നവിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലിക പാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദി പറയാം. ഈ അപ്പസ്തോലിക പാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിത പ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: “നിങ്ങളുടെ പ്രിയ സഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്.” ഇരുപതാം നൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോള സാന്നിധ്യമുള്ള ഒരു സഭയായി വളർന്നുവെന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീഷ്ണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോള കുടിയേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ ഈ പ്രേഷിതവേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതംമുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോമലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ

ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പ ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലനശുശ്രൂഷചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നല്കിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫ് രാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികംവരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോളകുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിതസൗകര്യങ്ങൾക്കുംവേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കാൻ ആഗോളസഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: “മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശമുള്ള സഭയോടു ചേർന്നുനില്ക്കാൻ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു.” ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനാക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെപിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തുനിറുത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോമലബാർസഭാമക്കളെന്നനിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടുവളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നത് യാഥാർഥ്യമാണ്. എന്നാൽ, ആഗോളതലത്തിൽ ഒരു കരുത്തുറ്റ സഭയായി സീറോമലബാർസഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയുംകുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്ത് നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിചേരുന്നതാണ് സഭയാകുന്ന വലിയ കുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവക

കളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബകൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്ക്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയ തലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏക രക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭമുഴുവനും ഏതു സാഹചര്യത്തിലും സാധിക്കേണ്ടതുണ്ട്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷ പ്രഘോഷണദൗത്യം പ്രത്യേകമായ വിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷചെയ്യുന്ന അല്മായസഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെ നടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധപിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: "ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു." അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലിക പ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും

വിശ്വാസപരിശീലനസംരഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്രതുടരാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺ മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2024 ജൂൺ 30-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Ref. No. 5/2024 21 June 2024

# സിനഡനന്തര അറിയിപ്പ്

എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരെ, സമർപ്പിതരെ, അല്മായ സഹോദരിസഹോദരന്മാരേ,

മുപ്പത്തിരണ്ടാമതു സീറോമലബാർ മെത്രാൻസിനഡിന്റെ പ്രത്യേക ഓൺലൈൻ സമ്മേളനം 2024 ജൂൺ 14, 19 എന്നീ തീയതികളിൽ പൂർത്തിയായി. സഭയുടെ ഏകീകൃത കുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതി രൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു പരിഹാരമായി 2024 മെയ് മാസം 15-ാം തീയതി റോമിലെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ ചേർന്ന ഉന്നതാധികാരസമിതി നല്കിയ അന്തിമ തീരുമാനങ്ങൾ അറിയിക്കുന്നതിനും അവ നടപ്പിലാക്കാൻ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വേണ്ടിയാണ് ഈ സമ്മേളനം ചേർന്നത്. ഉന്നതാധികാരസമിതിയുടെ തീരുമാനങ്ങൾ 2024 ജൂൺ 9 നു സർക്കുലർ (സർക്കുലർ 4/2024) വഴി നിങ്ങളെ അറിയിച്ചിരുന്നല്ലോ.

എറണാകുളം-അങ്കമാലി അതിരൂപതയിൽനിന്നുള്ള അഭിവന്ദ്യ പിതാക്കന്മാരും അവർ വഴി നിരവധി വൈദികരും ചില അഭിപ്രായങ്ങളും പ്രായോഗികനിർദേശങ്ങളും സിനഡിനു സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിർദേശങ്ങളിൽ പ്രധാനങ്ങളായതു താഴെപ്പറയുന്നവയാണ്: ഏകീകൃത കുർബാനയർപ്പണം നടപ്പിലാക്കണം എന്ന പരിശുദ്ധ പിതാവിന്റെ ഉദ്ബോധനം അനുസരിക്കുന്നതിന്റെ ഭാഗമായി 2024 ജൂലൈ 3-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും വൈദിക സമർപ്പിത പരിശീലനകേന്ദ്രങ്ങളിലും ഏകീകൃത രീതിയിൽ കുർബാനയർപ്പിക്കുക, അന്നുമുതൽ ഏകീകൃത കുർബാനയർപ്പണരീതി പരിചയപ്പെടുന്നതിന്റെ ഭാഗമായി (Catechetical Purpose) എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു വി. കുർബാനയെങ്കിലും ഏകീകൃതരീതിയിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും അർപ്പിച്ചു തുടങ്ങുക, വചനവേദി (ബേമ്മ) ഉപയോഗിച്ച് എല്ലാ ദൈവാലയങ്ങളിലും വി. കുർബാനയർപ്പിക്കുക, മെത്രാന്മാരും വൈദികരും

അജപാലന ആവശ്യങ്ങൾക്കായി ഇടവക സന്ദർശിക്കുമ്പോൾ ഏകീകൃതരീതിയിൽ വി. കുർബാനയർപ്പിക്കുക എന്നിവയാണ്.

പ്രസ്തുത നിർദേശങ്ങളെ പൈതൃകമായ സ്നേഹത്തോടെ സിനഡു പിതാക്കന്മാർ ചർച്ചചെയ്യുകയും വിലയിരുത്തുകയും ചെയ്തു. തത്ഫലമായി ഉരുത്തിരിഞ്ഞ തീരുമാനങ്ങൾ എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളെ അറിയിക്കുന്നു:

1. റോമിലെ ഉന്നതാധികാരസമിതിയുടെ നിർദേശപ്രകാരം 2024 ജൂൺ 9 നു നല്കിയ സർക്കുലർ സാധുവായി നിലനില്ക്കുന്നതാണ്. അതിനാൽ ജൂലൈ 3 മുതൽ സീറോമലബാർ കുർബാനയർപ്പിക്കുന്ന എല്ലാ വൈദികരും 2021 നവംബർ 28 ാം തീയതി പ്രാബല്യത്തിൽ വന്ന തക്സയിൽ നിർദേശിച്ചിരിക്കുന്നതുപോലെ ഏകീകൃതരീതിയിൽ മാത്രം വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

2. എന്നാൽ 2024 ജൂലൈ 3 മുതൽ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും സിനഡു നിർദേശിച്ച ഏകീകൃതരീതിയിൽ അർപ്പിച്ചു തുടങ്ങുന്ന വൈദികർക്കെതിരെ 2024 ജൂൺ 9 നു നല്കിയ സർക്കുലറിൽ അറിയിച്ച പ്രകാരമുള്ള കാനോനികമായ ശിക്ഷാനടപടികൾ ആരംഭിക്കുന്നതല്ല. അജപാലനപരമായ ആവശ്യങ്ങൾ പരിഗണിച്ച് ഏകീകൃതകുർബാനയർപ്പണരീതി പരിചയപ്പെടുന്നതിനും ബോധവല്ക്കരണത്തിനുമുള്ള സമയം (Catechetical Purpose) അനുവദിക്കാമെന്നു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മാർച്ച് 25 നു നമ്മുടെ അതിരൂപതയ്ക്കു നൽകിയ കത്തിൽ അറിയിച്ചകാര്യം നിങ്ങൾക്കറിയാമല്ലോ. ഈ കാലഘട്ടം പൂർത്തിയായി ഏകീകൃതരീതിയിലുള്ള വി. കുർബാനയർപ്പണം മാത്രം അനുവദനീയമാകുന്ന സമയക്രമം തുടർന്നു വരുന്ന സിനഡിൽ തീരുമാനിച്ചറിയിക്കുന്നതാണ്.

3. 2024 ജൂലൈ 3 നു ശേഷം എല്ലാ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ അർപ്പിക്കപ്പെടാത്ത ഇടവകകളിലും സ്ഥാപനങ്ങളിലും അതിനു വിസമ്മതിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന വൈദികർക്കെതിരെ 2024 ജൂൺ 9 ലെ സർക്കുലറിൽ നിർദേശിച്ചപ്രകാരമുള്ള കാനോനികമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. സഭയെ സംബന്ധിച്ചിടത്തോളം ഏറെ വേദനാജനകമായ ഈ സാഹചര്യം

ഒഴിവാക്കാൻ എല്ലാ വൈദികരോടും ദൈവനാമത്തിൽ ഞങ്ങൾ ആവശ്യപ്പെടുന്നു.

4. ഏകീകൃതരീതിയിൽ മാത്രം ഇപ്പോൾ വി. കുർബാനയർപ്പിക്കുന്ന വർക്കും 2024 ജൂൺ 9 ലെ സർക്കുലർ പ്രകാരം 2024 ജൂലൈ 3 മുതൽ ഏകീകൃതരീതിയിൽ വി. കുർബാന അർപ്പിക്കാൻ ആഗ്രഹിക്കുന്ന വൈദികർക്കും യാതൊരുവിധപ്രതിബന്ധമോ പ്രതിസന്ധിയോ സൃഷ്ടിക്കാതിരിക്കാൻ എല്ലാവരും ബോധപൂർവം ശ്രദ്ധിക്കണം.

5. സമർപ്പിത ഭവനങ്ങളിലും വൈദിക സമർപ്പിത പരിശീലനകേന്ദ്ര ങ്ങളിലും 2021 നവംബർ 28 ാം തീയതി പ്രാബല്യത്തിൽ വന്ന തക്സ യിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ഏകീകൃതരീതിയിൽ 2024 ജൂലൈ 3 മുതൽ വിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

6. അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും എല്ലാ വി. കുർബാനയർപ്പണത്തിനും വചനവേദി (ബേമ്മ) ഉപയോഗിക്കേണ്ടതാണ്.

7. സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും അജപാലന ആവശ്യങ്ങൾക്കായി അതിരൂപതയിലെ പള്ളികളിൽ വരുമ്പോൾ ഏകീകൃതരീതിയിൽ വി. കുർബാന അർപ്പിക്കാനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

8. സഭയുടെ കൂട്ടായ്മയ്ക്കു ഭംഗം വരുത്തുന്ന രീതിയിലുള്ള പരസ്യ പ്രസ്താവനകളിൽനിന്ന് എല്ലാ വൈദികരും സമർപ്പിതരും അല്മാ യരും വിട്ടുനില്ക്കേണ്ടതാണ്. വിഭാഗീയതയുടെയും വിഭജനത്തി ന്റെയും സ്വരം സഭയെ സ്നേഹിക്കുന്നവർക്കു ഭൂഷണമല്ല. ഇക്കാര്യ ത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരേ തക്കതായ നടപടികൾ സ്വീക രിക്കും. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ അച്ചടക്കവും ജാഗ്ര തയും പാലിക്കാൻ എല്ലാവരും ബോധപൂർവം ശ്രദ്ധിക്കണം.

എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രതിസന്ധികൾ പരിഹ രിച്ചു കൂട്ടായ്മ വർധിപ്പിക്കുന്നതിനുള്ള എല്ലാ നിർദേശങ്ങളെയും സിനഡു ഭാവാത്മകമായി സ്വാഗതം ചെയ്യുന്നു. മേജർ ആർച്ചുബിഷപ്പും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും എറണാകുളം-അങ്കമാലി അതി രൂപതയിൽനിന്നുള്ള അഭിവന്ദ്യ പിതാക്കന്മാരും അനുരഞ്ജന പ്രക്രിയ കൾ ത്വരിതപ്പെടുത്തുന്നതിനും സഭാഗാത്രത്തിൽ വന്നുപോയ മുറിവു

കൾ ഉണക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്നു സിനഡുപിതാക്കന്മാർ നിർദേശിച്ചിട്ടുണ്ട്.

വിവിധ ചേരികളായിതിരിഞ്ഞ് അതിരൂപതയുടെ മക്കൾ നടത്തുന്ന പ്രകടനങ്ങളും പ്രസ്താവനകളും നിയമവ്യവഹാരങ്ങളും നമ്മുടെ അമ്മയായ സീറോമലബാർസഭയെയും പരിശുദ്ധ കത്തോലിക്കാസഭയെയും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയെയും ഏറെ വേദനിപ്പിച്ചിട്ടുണ്ട് എന്നു തിരിച്ചറിഞ്ഞ് ആവശ്യമായ തിരുത്തലുകൾ വരുത്താൻ ബന്ധപ്പെട്ടവർ തയ്യാറാകണം. എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരിലും സമർപ്പിതരിലും അല്മായരിലും ഉൾപ്പെട്ട ഒരാൾപോലും കത്തോലിക്കാ കൂട്ടായ്മയിൽനിന്ന് വേർപെട്ടുപോകരുത് എന്ന തീവ്രമായ ആഗ്രഹവും സ്നേഹപൂർവമായ നിർബന്ധവുമാണു സിനഡുപിതാക്കന്മാരെ ഈ വിഷയം ആവർത്തിച്ചു ചർച്ചചെയ്യാൻ പ്രേരിപ്പിക്കുന്നത്. എറണാകുളം-അങ്കമാലി അതിരൂപതയുടെ നന്മയെ ലക്ഷ്യമാക്കി ഞങ്ങൾ നൽകുന്ന ഈ നിർദേശങ്ങൾ നടപ്പിലാക്കാൻ നിങ്ങളെല്ലാവരും ആത്മാർഥമായി പരിശ്രമിക്കണം. പരിശുദ്ധ സഭയെ അമ്മയായി സ്വീകരിക്കാത്തവർക്കു ദൈവത്തെ പിതാവായി സ്വീകരിക്കാനാവില്ല (വി. സിപ്രിയാൻ) എന്ന സത്യം നമുക്കോർക്കാം. നിങ്ങളെ എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**+ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

**+ ബോസ്കോ പുത്തൂർ**
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

സർക്കുലർ 4/2024

09 June 2024

# സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ മാർ റാഫേൽ തട്ടിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും സംയുക്തമായി പുറപ്പെടുവിക്കുന്ന സർക്കുലർ.

എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ, നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവീശോമിശിഹായുടെ ആശീർവാദവും സമാധാനവും!

നിങ്ങൾക്ക് അറിയാവുന്നതുപോലെ, സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം മാർ റാഫേൽ തട്ടിൽ പിതാവ് പെർമനന്റ് സിനഡംഗങ്ങൾ, കൂരിയ മെത്രാൻ, മേജർ ആർച്ചുബിഷപ്പിന്റെ റോമിലെ പ്രൊക്യൂറേറ്റർ എന്നിവരോടൊപ്പം 2024 മെയ് 13-ാം തീയതി പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിച്ചു. അന്നേദിവസം, പരിശുദ്ധ പിതാവു വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ, നമ്മുടെ സഭയുടെ ചരിത്രത്തെയും പ്രേഷിത ചൈതന്യത്തെയും സഭയിലെ ദൈവവിളികളെയുംകുറിച്ചു മെത്രാന്മാരെയും റോമിലുള്ള സീറോമലബാർസഭാപ്രതിനിധികളെയും അഭിസംബോധനചെയ്തുകൊണ്ടു നടത്തിയ പ്രസംഗം നമ്മുടെ സഭയ്ക്കുള്ള സാർവത്രികസഭയുടെ അംഗീകാരമായിരുന്നു.

നമ്മുടെ സഭയിൽ സമീപകാലത്ത് ആരാധനാക്രമസംബന്ധമായി ഉയർന്നുവന്ന ഭിന്നസ്വരങ്ങളെക്കുറിച്ചു മാർപാപ്പ സൂചിപ്പിക്കുകയുണ്ടായി. രണ്ടുതവണ എഴുത്തുകൾവഴിയും ഒരു തവണ വീഡിയോസന്ദേശം വഴിയും ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി നടപ്പിലാക്കുന്നതിനെക്കുറിച്ചു നല്കിയ വ്യക്തമായ നിർദേശങ്ങൾ അവഗണിക്കപ്പെട്ടതു പരിശുദ്ധ പിതാവിന്റെ പിതൃഹൃദയത്തെ ഏറെ വേദനിപ്പിച്ചിട്ടുണ്ട്. അനുസരണമില്ലാത്തവരുടെ സ്ഥാനം സഭാകൂട്ടായ്മയ്ക്കു വെളിയിലാണെന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം മെത്രാന്മാരുമായുള്ള കൂടിക്കാഴ്ചയിലും തുടർന്നു നടത്തിയ പ്രസംഗത്തിലും പരിശുദ്ധ പിതാവു വ്യക്തമാക്കുകയുണ്ടായി. കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ മാർപാപ്പയുടെ ഈ വാക്കുകളെ തികഞ്ഞ ഗൗരവത്തോടെ

നിങ്ങൾ മനസ്സിലാക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന് അതിരൂപതയിലെ എല്ലാ വൈദികരോടും സമർപ്പിതരോടും അല്മായ സഹോദരങ്ങളോടും സ്നേഹപൂർവം ഞങ്ങൾ ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നു.

മേജർ ആർച്ചുബിഷപ്പിന്റെ ഔദ്യോഗിക സന്ദർശനത്തിനിടയിൽ 2024 മെയ് 15-ാം തീയതി പരിശുദ്ധ പിതാവിന്റെ നിർദേശപ്രകാരം, വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയത്രോ പരോളിനും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിയും പ്രസ്തുത കാര്യാലയത്തിലെ ആർച്ചുബിഷപ് സെക്രട്ടറി ഉൾപ്പെടെയുള്ളവരും നമ്മുടെ സഭയുടെ പെർമനന്റ് സിനഡംഗങ്ങളും എറണാകുളം-അങ്കമാലി അതിരൂപതയുടെ പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ് സിറിൽ വാസിലും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ബോസ്കോ പുത്തൂരും പങ്കെടുത്തയോഗം പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ ചേരുകയുണ്ടായി. എറണാകുളം-അങ്കമാലി അതിരൂപതയിൽ ഇപ്പോൾ നിലനില്ക്കുന്ന പ്രതിസന്ധി വിശകലനംചെയ്തതിനുശേഷം സഭയുടെ ഉന്നത അധികാരികൾ ഈ യോഗത്തിൽ എടുത്ത വ്യക്തമായ തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു.

1. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതും നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രണ്ടുതവണ കത്തുകളിലൂടെയും ഒരുതവണ വീഡിയോ സന്ദേശത്തിലൂടെയും നേരിട്ട് ആവശ്യപ്പെട്ടതുമായ ഏകീകൃത കുർബാനയർപ്പണരീതി സീറോമലബാർസഭ മുഴുവനിലും നടപ്പിലാക്കണമെന്ന തീരുമാനത്തിനു യാതൊരു മാറ്റവുമില്ല. ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി(ബേമ്മ)യിൽ ജനാഭിമുഖമായും അനാഫൊറാഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും കാർമികൻ നിർവഹിക്കുന്നതാണ് വിശുദ്ധ കുർബാനയർപ്പണത്തിലെ ഏകീകൃതരൂപം.
2. പരിശുദ്ധ പിതാവിന്റെയും മെത്രാൻസിനഡിന്റെയും മാർഗനിർദേശങ്ങൾ ബോധപൂർവം ധിക്കരിക്കുന്നതു ശീശ്മയിലേക്കു വഴിതുറ

ക്കുന്നതിനും അതുവഴി കത്തോലിക്കാകൂട്ടായ്മയിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നതിനും ഇടവരുത്തും. ഫ്രാൻസിസ് മാർപാപ്പ മെയ് 13-ലെ പ്രസംഗത്തിൽ പറഞ്ഞതുപോലെ, 'അനുസരണയുള്ളിടത്ത് സഭയുണ്ട്. അനുസരണക്കേടുള്ളിടത്തു ശീശ്മ ഉണ്ടാവും'.

3. അതിനാൽ, 2021 നവംബർ 28-ാം തീയതി പ്രാബല്യത്തിൽവന്ന സീറോമലബാർസഭയുടെ നവീകരിച്ച തക്സയിൽ നിർദേശിച്ചിരിക്കുന്നപ്രകാരം ഏകീകൃതരീതിയിൽ കുർബാന നിലവിൽ അർപ്പിക്കാത്ത എല്ലാ വൈദികരോടും സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് എന്ന നിലയിലും എറണാകുളം അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്നനിലയിലും 2024 ജൂലൈ മൂന്നുമുതൽ ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കാൻ ഞങ്ങൾ അന്തിമമായി ഇതിനാൽ ആവശ്യപ്പെടുന്നു. ഞങ്ങളുടെ ഈ അന്തിമനിർദേശം അനുസരിക്കാതെ ജൂലൈ മൂന്നിനുശേഷവും ഏകീകൃതരീതിയിൽനിന്നു വ്യത്യസ്തമായി വിശുദ്ധ കുർബാന അർപ്പിക്കുന്ന വൈദികർ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽനിന്നു പുറത്തുപോയതായി കണക്കാക്കപ്പെടും എന്ന വസ്തുത നിങ്ങളെ ഔദ്യാഗികമായി അറിയിക്കുന്നു. ഈ വൈദികർക്കു 2024 ജൂലൈ നാലാം തീയതിമുതൽ കത്തോലിക്കാസഭയിൽ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്നതിൽനിന്നു ഇനിയൊരു മുന്നറിയിപ്പില്ലാതെ വിലക്കേർപ്പെടുത്തുന്നതാണ്. ഈ തീരുമാനം സീറോമലബാർസഭയുടെ വിശുദ്ധ കുർബാനയർപ്പിക്കുന്ന എല്ലാ വൈദികർക്കും ബാധകമായിരിക്കും.

4. എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുപുറത്തു സേവനം ചെയ്യുകയോ ഉപരിപഠനം നടത്തുകയോചെയ്യുന്ന അതിരൂപതാവൈദികർ ഏകീകൃതരീതിയിലുള്ള വിശുദ്ധ കുർബ്ബാനയർപ്പണവുമായി ബന്ധപ്പെട്ട സിനഡുതീരുമാനത്തോടുള്ള അനുസരണവും അതിനുള്ള സന്നദ്ധതയും വ്യക്തമാക്കുന്ന രേഖാമൂലമുള്ള സത്യവാങ്മൂലം 2024 ജൂലൈ മൂന്നാം തീയതിക്കുമുമ്പായി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്കു നല്കേണ്ടതാണ്. പ്രസ്തുത സത്യവാങ്മൂലം നിശ്ചിത സമയത്തിനുള്ളിൽ നല്കാത്ത വർക്കും കത്തോലിക്കാസഭയിൽ പൗരോഹിത്യശുശ്രൂഷ നിർവഹിക്കുന്നതിൽനിന്നു ഇനിയൊരു മുന്നറിയിപ്പില്ലാതെ വിലക്കേർപ്പെടുത്തുന്നതാണ്. ഇക്കാര്യം ഈ വൈദികർ സേവനം ചെയ്യുകയോ പഠിക്കു

കയോ ചെയ്യുന്ന സ്ഥലങ്ങളിലെ അധികാരികളെ മേൽനടപടികൾക്കായി അറിയിക്കുന്നതുമായിരിക്കും.

5. 2024 ജൂലൈ മൂന്നിനുശേഷം ഏകീകൃതരീതിയിലല്ലാതെ ഏതെങ്കിലും വൈദികൻ സീറോമലബാർകുർബാനക്രമം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ പ്രസ്തുത കുർബാനയർപ്പണത്തിൽനിന്നും മറ്റു തിരുക്കർമങ്ങളിൽനിന്നും വിട്ടുനില്ക്കണമെന്ന് എല്ലാ സീറോ മലബാർ സഭാംഗങ്ങളോടും പ്രത്യേകിച്ച് എറണാകുളം-അങ്കമാലി അതിരൂപതയിലുള്ളവരോടും ഇതിനാൽ ആവശ്യപ്പെടുന്നു. മാർപാപ്പയെ ധിക്കരിക്കുന്നവരും സഭയിൽനിന്നു ബഹിഷ്കൃതരുമായ വൈദികർ അർപ്പിക്കുന്ന കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ ഞായറാഴ്ചകടം പരിഹരിക്കപ്പെടുന്നില്ല എന്ന കാര്യവും ഇതിനാൽ എല്ലാ വിശ്വാസികളെയും അറിയിക്കുന്നു. വൈദികരുടെ അനുസരണക്കേടുമൂലം ഉണ്ടാകുന്ന ഇത്തരം പ്രായോഗിക ബുദ്ധിമുട്ടുകൾ എല്ലാവരും മനസിലാക്കുമല്ലോ.

6. പൗരോഹിത്യശുശ്രൂഷകൾ നിർവഹിക്കുന്നതിൽനിന്നു സഭ വിലക്കുന്ന വൈദികർ പരികർമംചെയ്യുന്ന വിവാഹങ്ങൾ അസാധുവായിരിക്കും. രൂപതാമെത്രാന്റെ അംഗീകാരമില്ലാത്ത വൈദികർക്കു ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ഭരണനിർവഹണം നടത്താനോ അവയെ നിയമാനുസൃതം പ്രതിനിധീകരിക്കാനോ സാധിക്കുന്നതല്ല.

7. ഏകീകൃതരീതിയിയിൽമാത്രം വിശുദ്ധ കുർബാനയർപ്പിക്കുന്നതിനുള്ള സന്നദ്ധത രേഖാമൂലം അറിയിക്കുന്നതുവരെ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികവിദ്യാർഥികൾക്കു മ്ശംശാന പട്ടമോ പുരോഹിതപട്ടമോ നല്കുന്നതല്ല.

8. ഏകീകൃതരീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കാനുള്ള തീരുമാനം വന്നതുമുതൽ അനുസരണയോടെ അതു നിർവഹിച്ചുകൊണ്ടിരിക്കുന്ന ബഹു. വൈദികരെയും സിനഡുതീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ മാർഗങ്ങളിലൂടെ ഇടപെടലുകൾ നടത്തുന്ന സമർപ്പിതരെയും അല്മായസഹോദരങ്ങളെയും കൃതജ്ഞതയോടെ ഓർക്കുന്നു. അതിരൂപതയിലെ എല്ലാ ഇടവകകളിലും ഏകീകൃത വിശുദ്ധ കുർബാന അർപ്പിക്കപ്പെടുന്നതിനും കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അതിരൂപതമുഴുവനും നിലനില്ക്കു

ന്നതിനുംവേണ്ടി അതിരൂപതയിലെ വിശ്വാസിസമൂഹം ജാഗ്രതയോടെയും വിശ്വാസതീക്ഷ്ണതയോടെയും വർത്തിക്കണമെന്നു ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. കത്തോലിക്കാസഭയിൽനിന്നു അകന്നുമാറാനും വിഭാഗീതയുടെ വിത്തുകൾ വിതയ്ക്കാനും നിഷിപ്ത താത്പര്യക്കാർ നടത്തുന്ന പരിശ്രമങ്ങളെയും സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന നുണപ്രചരണങ്ങളെയും വിവേകത്തിലും കൂട്ടായ്മയിലും ക്രൈസ്തവമാർഗങ്ങളിലും നേരിടാൻ അതിരൂപതയിലെ പ്രബുദ്ധരായ അല്മായസമൂഹത്തിനു പ്രത്യേകമായ കടമയുണ്ട്. സഭയുടെ തീരുമാനത്തോടു ചേർന്നുനില്ക്കുന്നവരുടെ ഏതുവിധത്തിലുള്ള ഇടപെടലുകളും സുവിശേഷാനുസൃതവും ക്രൈസ്തവവുമായിരിക്കണമെന്നും മറിച്ചുള്ള പ്രതികരണങ്ങൾ സഭയെ പൊതുസമൂഹത്തിൽ മോശമായി ചിത്രീകരിക്കാൻ മാത്രമേ ഇടയാക്കിയിട്ടുള്ളു എന്നതും ഓർമിപ്പിക്കട്ടെ.

എറണാകുളം-അങ്കമാലി അതിരൂപതയിലെ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ, ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി അതിരൂപതയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അതിരൂപതയിലെ ചില വൈദികരും അല്മായരുമായി സിനഡുപിതാക്കന്മാരുടെ പ്രതിനിധികൾ പലവട്ടം ചർച്ചകൾ നടത്തിയിരുന്നു. 2021 നവംബർ 28 മുതൽ നമ്മുടെ സഭയിലെ 35-ൽ 34 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റു പ്രവാസിസമൂഹങ്ങളിലും നടപ്പിലാക്കിയ ഏകീകൃത കുർബാന അർപ്പണരീതി ക്രമാനുഗതമായി ഈ അതിരൂപതയിലും നടപ്പിലാക്കാൻ പലനിർദേശങ്ങളും മുന്നോട്ടുവയ്ക്കുകയുണ്ടായി. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ അസാധാരണമായ വിധത്തിൽ ഇടപെടലുകൾനടത്തി അനുസരിക്കാൻ ആഹ്വാനം ചെയ്തു. എന്നാൽ, പരിശുദ്ധ പിതാവിനെയും സിനഡിനെയും അനുസരിക്കാത്ത, നേതൃത്വനിരയിലുണ്ടായിരുന്ന ഏതാനും വൈദികരും അല്മായരും സ്വീകരിച്ച സഭാപരമല്ലാത്തതും യുക്തിരഹിതവുമായ കടുംപിടുത്തവും ഒരിക്കലും അംഗീകരിക്കാനാവാത്ത സമരമുറകളും ദുഷ്പ്രചരണങ്ങളുമാണ് ഈ വിഷയത്തെ ഇത്രമാത്രം സങ്കീർണമാക്കിയത്. സഭാസംവിധാനത്തെയും സഭാധികാരികളെയും വെല്ലുവിളിച്ചുകൊണ്ടും സഭാപരമായ അച്ചടക്കം പാലിക്കാതെയും കത്തോലിക്കാസഭാകൂട്ടായ്മയിൽ തുടരാൻ ഇനി ആരെയും അനുവദിക്കില്ല. അതിനാലാണ് കർശനമായ നടപടികളിലേക്കു പ്രവേശിക്കാൻ ഞങ്ങൾ

നിർബന്ധിതരാകുന്നത്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ തന്റെ വീഡിയോസന്ദേശത്തിൽ ആഹ്വാനം ചെയ്തതുപോലെ നിക്ഷിപ്തതാത്പര്യങ്ങളുള്ള ഏതാനും ചില വൈദികരുടെയും മറ്റു വ്യക്തികളുടെയും വാക്കുകൾ വിശ്വസിച്ചു നിങ്ങളിൽ ഒരാൾപോലും പരിശുദ്ധ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽനിന്നു പുറത്തുപോകാൻ ഇടവരരുതെന്നു ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കത്തോലിക്കാസഭയോടും സഭയുടെ തലവനായ പരിശുദ്ധ പിതാവിനോടും സീറോമലബാർസഭയുടെ മെത്രാൻസിനഡിനോടും സഹസ്രാബ്ദങ്ങളിലൂടെ രൂപപ്പെട്ട നമ്മുടെ കത്തോലിക്കാപൈതൃകത്തോടും നിങ്ങളെല്ലാവരും ചേർന്നുനില്ക്കണമെന്നു ദൈവനാമത്തിൽ ഞങ്ങൾ അഭ്യർഥിക്കുകയും ചെയ്യുന്നു.

അതിരൂപതയുടെ മഹിതമായ പാരമ്പര്യം പിഞ്ചെന്ന്, സഭാധികാരികളെ അനുസരിച്ച് കത്തോലിക്കാതിരുസ്സഭയുടെ കൂട്ടായ്മയിൽ വിശ്വസ്ത സഭാമക്കളായി എന്നും തുടരാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ! കേവലം മാനുഷികമായ ചിന്തയും യുക്തിയും മാറ്റി വച്ച് ഈശോയുടെ തിരുഹൃദയത്തിൽ അഭയംതേടാനും തിരുഹൃദയചൈതന്യത്തിൽ ജീവിക്കാനും എല്ലാവർക്കും ഇടവരട്ടെ!

ഈശോയിൽ സ്നേഹപൂർവം,

**+ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത

**+ ബോസ്കോ പുത്തൂർ**
എറണാകുളം-അങ്കമാലി അതിരൂപതയുടെ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

..........................................

ഈ സർക്കുലർ 2024 ജൂൺ 16 ഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

കച്ചേരിക്കാര്യം

# Transfers/Appointments of Priests

## 2024 June

| | |
|---|---|
| Athappilly Paul | Kudavechoor |
| Chirackal Manavalan Joseph (Jiril) | Minor Seminary, Thrikkakara - Vice-Rector |
| Chirackal Xavier (Abin) | L.F. Sourabhya - Project Monitoring In-charge (Addl.) |
| Kalapurackal Joseph (Abin) | L.F. Hospital, Angamaly - Asst. Director |
| Kannampilly Varghese (Baiju) | Vathakkad |
| Kodiyan Joseph | Sahrudaya, Ponnurunni - Project Monitoring In-charge |
| Kollamkudy Rocky | Santhigiri (Nalukettu) |
| Madan Varghese SAC | Relieved - Kalady |
| Madavanakad Joseph (Jomon) | Minor Seminary (Gurukulam), Thrikkakara - Spiritual Director |
| Manickathan Joseph (Tony) | Naipunnya College (NIMIT), Pongam - Asst. Executive Director (Addl.) |

## 2024 May

| | |
|---|---|
| Chamakkichirayil Jerin CMI | Karukutty (Monastery) Asst. |
| Eruvelikunnel Martin CST | Relieved - Mookkannoor |
| Kachappilly Jacob (Vince) | Relieved - Sathyadeepam - Circulation Manager |

| | |
|---|---|
| Kaiprampadan Antu CMI | Relieved - Karukutty (Monastery) |
| Kannappilly Paulson SDB | Keezhmad |
| Koikkalot Renerse (Mandya) | Kidangoor Asst. |
| Koottungal Varghese SDB | Relieved - Keezhmad |
| Oliapurath Jose | Subodhana, Dean of Studies |
| Ureth Joy CMI | CSN Retreat Centre, Karukutty - Spiritual Director |
| Valiaveettil Varghese (Arun) | Relieved - Naipunnya College (NIMIT), Pongam - Asst. Executive Director |
| Veliyil Antony (Riju) | Naipunnya International, Asst. Director (Addl.) |

*Chancellor*

---

# അഭിനന്ദനങ്ങൾ



കോയമ്പത്തൂർ കാരുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസസ് -ൽനിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട ആന്റണി (ടോണി) കല്ലൂക്കാരൻ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "Dialectics of Insanity: A Philosophical Exploration in the Select Novels of Hermann Hesse"

# വാർത്തകളും വിശേഷങ്ങളും

## നിർമ്മിത ബുദ്ധിയുടെ തീരുമാനങ്ങൾ മനുഷ്യ തീരുമാനങ്ങൾക്ക് വിധേയമായിരിക്കണം - ഫ്രാൻസിസ് മാർപാപ്പ

നിർമ്മിത ബുദ്ധിയുടെ തീരുമാനങ്ങൾ മനുഷ്യരുടെ നിയന്ത്രണത്തിന് വിധേയമായിരിക്കുക എന്നത് മനുഷ്യാന്തസിന്റെ ആവശ്യമാണെന്ന് ജി 7 ഉച്ചകോടിയിൽ പങ്കെടുത്തുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിച്ചു. സ്വതന്ത്രമായി തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന യന്ത്രങ്ങൾ ആവിഷ്കരിക്കപ്പെടുമ്പോൾ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകണമെന്ന് പാപ്പ ആവശ്യപ്പെട്ടു. തങ്ങളെക്കുറിച്ച് തീരുമാനമെടുക്കാനുള്ള മനുഷ്യരുടെ കഴിവ് എടുത്തുമാറ്റി, അവരെ യന്ത്രങ്ങളുടെ തിരഞ്ഞെടുപ്പിന് വിട്ടുകൊടുത്താൽ മനുഷ്യവംശത്തിന്റെ ഭാവി പ്രത്യാശ ഇല്ലാത്തതാകും. നിർമ്മിത ബുദ്ധിയുടെ എല്ലാ തിരഞ്ഞെടുപ്പുകൾക്കുംമേൽ മനുഷ്യരുടെ ശരിയായ നിയന്ത്രണത്തിനുള്ള ഇടം നാം ഉറപ്പാക്കണം - മാർപാപ്പ വിശദീകരിച്ചു. ഏഴു വ്യവസായവൽകൃത രാജ്യങ്ങളുടെ മേധാവികളുടെ സമ്മേളനം ഇറ്റലിയിലാണ് നടന്നത്. ജി 7 സമ്മേളനത്തിൽ ഒരു മാർപാപ്പ പങ്കെടുക്കുന്നത് ഇത് ആദ്യമായിട്ടായിരുന്നു. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകളും ഉച്ചകോടിക്കിടെ മാർപാപ്പ നടത്തി.

വിസ്മയകരവും ഭയജനകവുമായ ഒരു ഉപകരണമെന്ന് നിർമ്മിത ബുദ്ധിയെ വിശേഷിപ്പിച്ച ഫ്രാൻസിസ് മാർപാപ്പ മെച്ചപ്പെട്ട ഭാവി പടുത്തുയർത്തുന്നതിനും ജനനന്മ ലക്ഷ്യമാക്കുന്നതിനും അത് ഉപയോഗിക്കണമെന്ന് ആവശ്യപ്പെട്ടു. മനുഷ്യർ സൃഷ്ടിച്ച ലളിതമായ ഉപകരണങ്ങൾ പോലും അവരുടെ തന്നെ നാശത്തിനായി ഉപയോഗിക്കപ്പെട്ട സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി. സ്വയം നിയന്ത്രണ ശേഷിയുള്ള മാരകായുധങ്ങൾ വികസിപ്പിക്കുന്നതിൽ നിന്ന് ലോകരാജ്യങ്ങൾ പിന്തിരിയണമെന്നും അവയുടെ ഉപയോഗം നിരോധിക്കണമെന്നും പാപ്പ ആവശ്യപ്പെട്ടു.

## എൽ.എഫ്. സൗരഭ്യയിൽ സൗജന്യ യോഗ പരിശീലനം

അന്തർദേശീയ യോഗാദിനത്തോടനുബന്ധിച്ച്, ആരോഗ്യരംഗത്ത് സ്തുത്യർഹ സേവനം ചെയ്യുന്ന **അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ** പുതിയ സംരംഭമാണ് 'എൽ. എഫ്. സൗരഭ്യ'. സമഗ്ര ആരോഗ്യം ലക്ഷ്യം വച്ചുകൊണ്ട് മുന്നൂർപ്പിള്ളിയിൽ ആരംഭിച്ചിരിക്കുന്ന 'സൗരഭ്യ'യുടെ വെഞ്ചിരിപ്പ് കർമ്മം 2024 ജൂൺ 17-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ബോസ്കോ പുത്തൂർ നിർവഹിച്ചു.

എൽ.എഫ്. സൗരഭ്യയിൽ പൊതുജനങ്ങൾക്കായി സൗജന്യ യോഗ പരിശീലന വാരം സംഘടിപ്പിച്ചു. അദ്ധ്യാപകർ, മുതിർന്ന പൗരന്മാർ, കറുകുറ്റി പഞ്ചായത്ത് നിവാസികൾ, കോളജ് വിദ്യാർത്ഥികൾ, ജനറൽ ഗ്രൂപ്പ്, ആശുപതി ജീവനക്കാർ എന്നീ വിഭാഗങ്ങൾക്കാണ് പരിശീലനം നൽകിയത്. സൗജന്യ യോഗ പരിശീലനവാരത്തിന് ഈ രംഗത്ത് അനുഭവപരിചയമുള്ളവർ നേതൃത്വം നൽകി. തുടർന്നും സൗജന്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുമെന്ന് ഡയറക്ടർ ഫാ. തോമസ് വൈക്കത്തുപറമ്പിൽ അറിയിച്ചു. യോഗ, ആയുർവേദം, പ്രകൃതിചികിത്സ എന്നീ മൂന്നു മേഖലകളിൽ ആയിരിക്കും പരിശീലനം നൽകുക.

* * * * *

# വിശ്വാസപരിശീലനകേന്ദ്രം

1. പ്ലസ്സ് ടു - ഡിപ്ലോമ വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന സംഗമമായ എലൈവും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന ശില്പശാലയായ എൻലൈറ്റും 2024 ജൂലൈ മാസം ആരംഭിക്കുന്നു.

**2024 ജൂലൈ - എലൈവ് & എൻലൈറ്റ് പരിപാടികൾ:**

| | | |
|---|---|---|
| 07 ഞായർ | : എലൈവ് | - വൈക്കം ഫൊറോന |
| 13 ശനി | : എൻലൈറ്റ് | - കിഴക്കമ്പലം ഫൊറോന |
| 14 ഞായർ | : എലൈവ് | - ചേർത്തല ഫൊറോന |
| 14 ഞായർ | : എൻലൈറ്റ് | - പള്ളിപ്പുറം ഫൊറോന |
| 16 ചൊവ്വ | : എൻലൈറ്റ് | - തൃപ്പൂണിത്തുറ ഫൊറോന |
| 21 ഞായർ | : എൻലൈറ്റ് | - മൂഴിക്കുളം ഫൊറോന |
| 21 ഞായർ | : എലൈവ് | - പറവൂർ ഫൊറോന |
| 28 ഞായർ | : എലൈവ് | - വല്ലം ഫൊറോന |
| 28 ഞായർ | : എൻലൈറ്റ് | - കാഞ്ഞൂർ ഫൊറോന |

2. റസിഡൻഷ്യൽ കോഴ്സ്: എൻട്രൻസ് കോച്ചിങ്ങിനും മറ്റും പോകുന്നതിനാൽ വിശ്വാസപരിശീലന ക്ലാസ്സിൽ വരുവാൻ ആഗ്രഹിച്ചിട്ടും അതിനു നിവൃത്തി ഇല്ലാത്തവർക്കുവേണ്ടി മാത്രം അതിരൂപതാകേന്ദ്രം നടത്തുന്ന ഒരു ബദൽസംവിധാനമാണ് റസിഡൻഷ്യൽ കോഴ്സ്.

a) 2024-2025 അധ്യയനവർഷത്തിലെ റസിഡൻഷ്യൽ കോഴ്സ് തീയതികൾ:

- **ഒന്നാം വർഷ ഡിപ്ലോമ:**
  2024 സെപ്റ്റംബർ 20, 21, 22 - ഒന്നാംവർഷ ഡിപ്ലോമ - 1st Session (സെപ്റ്റംബർ 20-ന് വൈകിട്ട് 6.00 ന് കുട്ടികൾ എത്തിച്ചേരുന്നു).
  2025 മെയ് 03, 04 - ഒന്നാം വർഷ ഡിപ്ലോമ - 2nd Session

- **രണ്ടാം വർഷ ഡിപ്ലോമ:**
  2024 ഒക്ടോബർ 11, 12, 13 - രണ്ടാം വർഷ ഡിപ്ലോമ - 1st Session

(ഒക്ടോബർ 11-ന് വൈകീട്ട് 6.00 ന് കുട്ടികൾഎത്തിച്ചേരുന്നു).
2025 ഏപ്രിൽ 05, 06 - രണ്ടാം വർഷ ഡിപ്ലോമ - 2nd Session

b) 2024 ആഗസ്റ്റ് 1 മുതൽ 20 വരെ തീയതികളിലാണ് ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിൽ ചേരുന്നവർ അതിരൂപത വിശ്വാസ പരിശീലന കേന്ദ്രത്തിൽവന്നു പേര് രജിസ്റ്റർ ചെയ്യേണ്ടത്.

ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ അറിയുവാനും രജിസ്ട്രേഷൻ ഫോമിനുംവേണ്ടി Website: www.catechismernakulam.com -ൽ Diploma Residential Course എന്ന Menu വിൽ ക്ലിക്ക് ചെയ്യുക. Search ചെയ്യുക.

3. Residential Catechism Teachers Basic Orientation Course: ആഗസ്റ്റ് 25, 26 തീയതികളിൽ നടക്കുന്ന അദ്ധ്യാപകരുടെ താമസിച്ചുള്ള അടിസ്ഥാനപരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ പേരുകൾ നൽകേണ്ട അവസാന തീയതി ജൂലൈ 25.

4. സന്മാർഗബോധനവർഷം ഉദ്ഘാടനം ജൂൺ 08 ശനിയാഴ്ച: എറണാകുളം-അങ്കമാലി അതിരൂപതയിൽ സന്മാർഗപഠനവർഷം ജസ്റ്റിസ് മേരി ജോസഫ് ഉദ്ഘാടനം ചെയ്തു. അതിരൂപതാ മൈനർ സെമിനാരി റെക്ടർ റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് സമ്മേളത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു. പൂണിത്തറ സെ. ആന്റണി സ്കൂൾ പ്രധാനാദ്ധ്യപിക സിസ്റ്റർ ആനി ജോർജ് സി.എം.സി., കുമാരി ഹെലൻ റോസ്, കുമാരി ആവണി കൃഷ്ണ എന്നിവർ സംസാരിച്ചു. 2023-24 വർഷത്തിൽ നാലാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ നടത്തിയ വാർഷിക പരീക്ഷയിൽ എ പ്ലസ് കരസ്ഥമാക്കിയ 611 കുട്ടികൾക്ക് യോഗത്തിൽ അവാർഡും ട്രോഫിയും നൽകി ആദരിച്ചു. കൂടാതെ, കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ VII, X, XII ക്ലാസ്സുകളിലെകുട്ടികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽഎറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽനിന്നും സ്കോളർഷിപ്പ് കരസ്ഥമാക്കിയ 6 കുട്ടികളെയും ആദരിച്ചു. 2023-2024 സന്മാർഗബോധനവർഷത്തിൽ എൽ.പി. വിഭാഗത്തിൽ St. Joseph L.P School,

Karukutty, L.F.C.L.P.S, Koratty, Holy Family E.M.L.P.S, Keechery യും, യു.പി. വിഭാഗത്തിൽ St. Mary's U.P.S, Manjapra, St. George's U.P.S, Poonithura, St. Joseph C.G.U.P.S, Thripunithura യും, ഹൈസ്കൂൾ വിഭാഗത്തിൽ St. Joseph's Girls High School, Karukutty, Little Flower Public School, Muringoor, St. Francis Assisi E.M.H.S, Athani യും മികച്ച സ്കൂളുകൾക്കുള്ള ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

5. പതിനൊന്നാം ക്ലാസ്സിലെ പാഠപുസ്തകം പുതിയതായതിനാൽ ടീച്ചേഴ്സിനുവേണ്ടി Catechism Teachers Orientation Program (CTOP) ജൂൺ 17-ാം തീയതി കലൂർ റിന്യുവൽ സെന്ററിൽ നടത്തി. ഇരുന്നൂറ്റി നാല്പതോളം വിശ്വാസ പരിശീലകർ ഇതിൽ പങ്കെടുത്തു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

## ARCHDIOCESAN CORPORATE EDUCATIONAL AGENCY

**Renewal Centre, Azad Road, Kaloor, Kochi 682 017.**
*www.ernakulameducationcouncil.com • Mob: 7907106119*
*E-mail: ernakulameducation@gmail.com*

### പുതിയ വിദ്യാലയ മന്ദിരം വെഞ്ചരിച്ചു

മേലൂർ (ശാന്തിപുരം) സെന്റ് ജോസഫ്സ് എൽ.പി. സ്കൂളിന്റെ ആധുനിക സംവിധാനത്തോടു കൂടിയ പുതിയ മന്ദിരം 2024 ജൂൺ 1-ാം തീയതി അതിരൂപത വികാരി ജനറാൾ മോൺ. ആന്റണി പെരുമായൻ വെഞ്ചരിച്ചു. ശാന്തിപുരം പള്ളി വികാരി ഫാ. ജോയ്സൺ പുതുശ്ശേരി, മേലൂർ പള്ളി വികാരി ഫാ. ടോമി കണ്ടത്തിൽ, അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ചടങ്ങുകൾ. ശാന്തിപുരം ഇടവകാംഗങ്ങളുടെയും നാട്ടുകാരുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ എടുത്തു പറയേണ്ടതാണ്.

**മേലൂർ (ശാന്തിപുരം) സെന്റ് ജോസഫ്സ് എൽ.പി.എസ്. മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിലായി**

പുതിയ സ്കൂൾ മന്ദിരത്തിന്റെ വെഞ്ചരിപ്പോടുകൂടി മേലൂർ സെന്റ് ജോസഫ്സ് എൽ.പി.എസ്. മതിയായ എണ്ണം കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിലെത്തി എന്നത് സന്തോഷകരമാണ്. ഇടവകയുടെയും അദ്ധ്യാപകരുടേയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണിത്. പ്രത്യേക അഭിനന്ദനങ്ങൾ. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ നേതൃത്വത്തിൽ കഴിഞ്ഞ നാലഞ്ചു വർഷങ്ങളുടെ പ്രവർത്തന ഫലമായി ആവശ്യത്തിനു കുട്ടികളുള്ള സ്കൂളുകളുടെ ഗണത്തിലേയ്ക്ക് എത്തുന്ന 10-ാമത്തെ സ്കൂളാണ് മേലൂർ സെന്റ് ജോസഫ്സ് എൽ.പി.എസ്.

**കോർപ്പറേറ്റ് ആർട്സ് ഫെസ്റ്റിവൽ**

2024-2025 അദ്ധ്യയന വർഷം കോർപ്പറേറ്റ് ഏജൻസിയിലെ എല്ലാ സ്കൂളുകളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആർട്സ് ഫെസ്റ്റിവലിന്റെ നടത്തിപ്പിനെക്കുറിച്ച് ആലോചിക്കാൻ വിവിധ സ്കൂളുകളിലെ കലാദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം ജൂൺ 25-ാം തീയതി കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. ആർട്സ് ഫെസ്റ്റ് ജൂലൈ 19, 20 തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടക്കുന്നതാണ്.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

## 2024 ജൂലൈ – ആഗസ്റ്റ്

**വിവാഹഒരുക്ക ധ്യാനം (MPR)**

ജൂലൈ 02-04 (കാലടി)
ജൂലൈ 08-10 (കലൂർ)
ജൂലൈ 23-25 (കാലടി)
ആഗസ്റ്റ് 05-07 (കലൂർ)
ആഗസ്റ്റ്13-15 (കാലടി)
ആഗസ്റ്റ് 20-22 (കാലടി)
ആഗസ്റ്റ് 20-22 (കലൂർ)

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ജൂലൈ 05-07 (20 ദമ്പതികൾക്ക് മാത്രം)

**അനുയാത്ര (ഓൺലൈൻ)**

യുവദമ്പതികൾക്കുള്ള തുടർപരിശീലന പരിപാടി

ജൂലൈ 07

**ദമ്പതീധ്യാനം** (Contact: 8078334522)

ജൂലൈ 11-14 (20 ദമ്പതികൾക്ക് മാത്രം)

**സ്നേഹജ്വാല (ദാമ്പത്യപരിപോഷണ പരിശീലനം)**

ജൂലൈ 12-14 - വിമലഗിരി

**വിധവാ ധ്യാനം** (Contact: 9400929111)

ജൂലൈ 19-21

**പാരന്റിംഗ് സെമിനാർ** (മതബോധനം)

ജൂലൈ 07 - സെബിയൂർ
ജൂലൈ 14 - തിരുഹൃദയക്കുന്ന്
ജൂലൈ 28 - കൈപ്പട്ടൂർ

**ദമ്പതി സംഗമം**

ജൂലൈ 07 – ആയത്തുപടി
ജൂലൈ 21 – ആയത്തുപടി

**ഗ്രാന്റ് പാരന്റ്സ് ഡേ ആഘോഷം**

ഈശോയുടെ ഗ്രാന്റ് പാരന്റ്സ് ആയ വിശുദ്ധ യോവാക്കിമിന്റെയും അന്നയുടെയും തിരുനാൾ (ജൂലൈ 26) ഇടവകതലത്തിൽ ജൂലൈ 21 അല്ലെങ്കിൽ ജൂലൈ 28 തീയതികളിൽ 'ഗ്രാന്റ് പാരന്റ്സ് ഡേ' ആയി ആഘോഷിക്കുമല്ലോ! കുടുംബങ്ങളിൽ മുതിർന്ന മാതാപിതാക്കൾക്ക് മക്കളും, പേരക്കുട്ടികളും നല്കുന്ന അംഗീകാരത്തേയും ബഹുമാനത്തേയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ദിനാചരണത്തിന്റെ ലക്ഷ്യം.

നടത്താവുന്ന രീതികൾ

- അന്നേ ദിവസം വിശുദ്ധ കുർബാനയോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുക.
- ദേവാലയത്തിൽ ഏറ്റവും മുന്നിലായി അവർക്ക് ഇരിപ്പിടങ്ങൾ തയ്യാറാക്കുക.
- വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ അവരെ സമർപ്പിച്ച് പ്രത്യേകം പ്രാർത്ഥിക്കുക.
- സാധിക്കുമെങ്കിൽ ലേഖനം വായിക്കാനും, കാഴ്ചസമർപ്പിക്കാനും മാതാപിതാക്കൾക്ക് അവസരം നല്കുക.
- വിശുദ്ധ കുർബാനയ്ക്കുശേഷം ഇടവകയുടെ പ്രതിനിധികളാരെങ്കിലും ആശംസകളും അഭിനന്ദനങ്ങളും നേരുക.
- പൊന്നാടയണിക്കാൻ പേരക്കുട്ടികളെ ഒരുക്കുക.
- മക്കൾ മാതാപിതാക്കൾക്ക് പൂവ് കൊടുത്ത് ആദരിക്കുക.

മാതാപിതാക്കൾക്കായി സ്നേഹവിരുന്നും, ചെറിയ സമ്മാനവും നല്കുന്നത് ഉചിതമായിരിക്കും.

**ആനിമേറ്റർ സിസ്റ്റേഴ്സ് ട്രെയ്നിംഗ്**

കുടുംബപ്രേഷിതശുശ്രൂഷയ്ക്ക് ഇടവകതലത്തിൽ നേതൃത്വം നൽകുന്ന ബഹു. ആനിമേറ്റർ സിസ്റ്റേഴ്സിനുള്ള പരിശീലനപരിപാടി നാല് മേഖലകളിലായി നടത്തുന്നു. ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ ബഹു. സിസ്റ്റേഴ്സ് ശ്രദ്ധിക്കുമല്ലോ!

**2024 ജൂലൈ 21**

**സൗത്ത് സോൺ –**

**(ചേർത്തല, വൈക്കം, പള്ളിപ്പുറം)**

സമയം : 2.30 മുതൽ 5.00 മണി വരെ

സ്ഥലം : പള്ളിപ്പുറം ഫൊറോന ദേവാലയം

**സെൻട്രൽ സോൺ –**

**(എറണാകുളം, തൃപ്പൂണിത്തുറ, പറവൂർ, ഇടപ്പള്ളി, കിഴക്കമ്പലം)**

സമയം : 2.30 മുതൽ 5.00 മണി വരെ

സ്ഥലം : എമ്മാവൂസ്, കളമശ്ശേരി

**2024 ഓഗസ്റ്റ് 4**

**നോർത്ത് സോൺ –**

**(കൊരട്ടി, മൂക്കന്നൂർ, കറുകുറ്റി, മൂഴിക്കുളം)**

സമയം : 02.30 മുതൽ 5.00 മണി വരെ

സ്ഥലം : കൊരട്ടി ഫൊറോന ദേവാലയം

**ഈസ്റ്റ് സോൺ –**

**(അങ്കമാലി, കാഞ്ഞൂർ, മഞ്ഞപ്ര, വല്ലം)**

സമയം : 2.30 മുതൽ 5.00 മണി വരെ

സ്ഥലം : ജീവാലയ, കാലടി

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# AICO

## (Archdiocesan Institutions' Central Office)

**ബഡ്ജറ്റ് / ബോർഡ് മീറ്റിംഗ്**

| | |
|---|---|
| മെയ് 25 | ലിസി മെഡിക്കൽ & എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് |
| ജൂൺ 10 | റിന്യുവൽ സെന്റർ |
| ജൂൺ 11 | 1. സഹൃദയ വെസ്കോ ക്രെഡിറ്റ്<br>2. വെൽഫെയർ സർവ്വീസസ്, എറണാകുളം |
| ജൂൺ13 | സെന്റ് മൈക്കിൾസ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് |
| ജൂൺ 17 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| ജൂൺ 20 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| മെയ് 29 | സെന്റ് അഗസ്റ്റിൻസ് ചർച്ച് & സ്കൂൾ, കുഴുപ്പിള്ളി |
| മെയ് 30 | 1. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി<br>2. നൈപുണ്യ കോളേജ്, പൊങ്ങം |
| മെയ് 31 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| ജൂൺ 03 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ജൂൺ 04 | 1. ഭാരത മാതാ കോളേജ്, തൃക്കാക്കര<br>2. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ജൂൺ 05 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ജൂൺ 11 | 1. നൈപുണ്യ കോളേജ്, പൊങ്ങം<br>2. മാർ ലൂയിസ്, കറുകുറ്റി<br>3. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ജൂൺ 13 | 1. നിവേദിത, ചുണങ്ങംവേലി<br>2. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| ജൂൺ18 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| ജൂൺ 26 | 1. നിവേദിത, ചുണങ്ങംവേലി<br>2. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി. |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### 50,000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന സഹൃദയ പദ്ധതിക്ക് തുടക്കമായി

സഹൃദയയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനിതാസംഘങ്ങളുടെ നേതൃത്വത്തിൽ മുന്നൂറോളം ഗ്രാമങ്ങളിലായി 50,000 വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ അതിരൂപതാതല ഉദ്ഘാടനം തൃക്കാക്കര കരുണാലയത്തിൽ ഉമാ തോമസ്. എം.എൽ.എ. നിർവഹിച്ചു. പുതിയ തലമുറയ്ക്ക് പരിസ്ഥിതിയോടും മരങ്ങളോടും ആഭിമുഖ്യം വളർത്തുക, നാടൻ ഫലവൃക്ഷ ഇനങ്ങൾ പരമാവധി പ്രചരിപ്പിച്ച് ഭക്ഷ്യ സുരക്ഷയും ശുദ്ധവായുവും ശുദ്ധജലവും ശുദ്ധ ഭക്ഷണവും ഉറപ്പാക്കുക, ആഗോള താപനത്തെക്കുറിച്ചും കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അവബോധം പകരുക, പരമാവധി മരങ്ങൾ വളർത്തിയും കാർബൺ നിർഗമന പ്രവർത്തനങ്ങൾ കുറച്ചും കാർബൺ ന്യൂട്രൽ ഗ്രാമങ്ങൾ രൂപീകരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് വീട്ടമ്മമാരുടെ നേതൃത്വത്തിൽ പദ്ധതി നടപ്പാക്കുന്നത്.

### സഹൃദയ വിദ്യാദർശൻ: പഠനോപകരണ വിതരണം

സഹൃദയ, വൈക്കം, ചേർത്തല പള്ളിപ്പുറം മേഖലകളിലെ ഏഴ്, എട്ട് ക്ലാസ്സുകളിൽ പഠിക്കുന്ന നിർധന കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പുരോഗതിക്കായി നടപ്പാക്കുന്ന വിദ്യാദർശൻ പദ്ധതിയുടെ ഭാഗമായി പഠനോപകരണങ്ങൾ വിതരണം ചെയ്തു. അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് ബോസ്കോ പുത്തൂർ ഉദ്ഘാടനം ചെയ്തു. ജർമനി ആസ്ഥാനമായ ചൈൽഡ് ഫൗണ്ടേഷന്റെ സഹായത്തോടെയാണ് വിദ്യാദർശൻ പദ്ധതി നടപ്പാക്കുന്നത്. ചൈൽഡ് ഫൗണ്ടേഷൻ സ്ഥാപക ഡയറക്ടർ ഫാ. തോമസ് മുട്ടം മുഖ്യപ്രഭാഷണം നടത്തി. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വ്യക്തിത്വവികസനം, നേതൃശേഷി വളർത്തൽ, കരിയർ ഗൈഡൻസ് തുടങ്ങിയ മേഖലകളിൽ പ്ലസ് ടു വരെ തുടർച്ചയായുള്ള പരിശീലനങ്ങളും മേൽനോട്ടവും സഹായ പദ്ധതികളും വഴി കഴിവുള്ള കുട്ടികളെ സിവിൽ സർവീസ് വരെ എത്തിക്കുന്നതിനും ശരിയായ ജീവിത മേഖല തെരഞ്ഞെടുത്ത് ജീവിത വിജയം നേടുന്നതിനും സർവോപരി നാടിനും നാട്ടാർക്കും

പ്രകൃതിക്കും ഉപകാരികളായ ഉത്തമപൗരന്മാരായി വളർത്തുന്നതിനുമാണ് വിദ്യാദർശൻ ലക്ഷ്യം വയ്ക്കുന്നത്.

**സഹൃദയ കുടുംബ സംഗമം**

സഹൃദയ സ്റ്റാഫംഗങ്ങളുടെ കുടുംബസംഗമം പൊന്നുരുന്നിയിൽ നടത്തി. വികാരി ജനറൽ റവ. ഡോ. ആന്റണി പെരുമായൻ ഉദ്ഘാടനം ചെയ്തു. സന്യാസവ്രതസ്വീകരണത്തിന്റെ സുവർണ ജൂബിലി ആഘോഷിക്കുന്ന സഹൃദയ സൗഖ്യസദൻ വൃദ്ധമന്ദിരത്തിലെ സുപ്പീരിയർ സിസ്റ്റർ ഫിൽസിയെ യോഗത്തിൽ ആദരിച്ചു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ യോഗത്തിൽ ആദരിച്ചു. കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**കേൾവി പരിശോധന ക്യാമ്പ്**

ലോഗോ തൃപ്പൂണിത്തുറയുടെ സഹകരണത്തോടെ ഈസ്റ്റ് ചേരാനല്ലൂർ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് ഇടവകയിൽ കേൾവി പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. 56 പേർ ക്യാമ്പിൽ പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും**

സഹൃദയയുടെയും ഇടപ്പള്ളി എം.എ.ജെ. ആശുപത്രിയുടെയും സംയുക്താഭിമുഖ്യത്തിൽ കറുകുറ്റി ക്രിസ്തുരാജാ ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവു സംഘടിപ്പിച്ചു. 65 പേർക്ക് ക്യാമ്പിൽ സേവനം നൽകി.

**സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും**

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയുടെ സഹകരണത്തോടെ സൗത്ത് വാഴക്കുളം ഇൻഫെന്റ് ജീസസ് ചർച്ച് പാരിഷ് ഹാളിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു. 41 പേർക്ക് ക്യാമ്പിൽ സേവനം നല്കി.

**സ്വയം സഹായ സംഘങ്ങളുടെ വാർഷികം**

കറുകുറ്റി, മംഗലശ്ശേരി, താബോർ, ഉല്ലല എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

### വിമൻ എംപവർമെന്റ് ക്ലാസ്സ്

സഹൃദയ, കോൺഫെറൻസാ എപിസ്കോപ്പൽ ഇറ്റാലിയാനയുമായി സഹകരിച്ച് നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെൻറ്റും എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് കറുകുറ്റി ക്രിസ്തു രാജാ ആശ്രമം പള്ളി, അകപ്പറമ്പ്, ജോസ്പുരം, മേക്കാട്, കാടുകുറ്റി, മംഗലശ്ശേരി, വാരണം, താബോർ, ഉല്ലല, ഉഴുവ, നായരമ്പലം സാൻജോ പുരം പള്ളി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു.

### എസ്. എച്ച്. ജി. കളുടെ ക്രെഡിറ്റ് ക്യാമ്പും ജൈവകൃഷി വിത്ത് വിതരണവും

കളമശേരി യൂണിവേഴ്സിറ്റി വില്ലേജിൽ സഹൃദയ സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പിനോടൊപ്പം പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പച്ചക്കറി വിത്ത് വിതരണം നടത്തി.

### എസ്. എച്ച്. ജി. കളുടെ ക്രെഡിറ്റ് ക്യാമ്പ്

വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി കളമശേരി യൂണിവേഴ്സിറ്റി ഇടവകയിലെ ദൃശ്യ, ജാസ്മിൻ, സ്നേഹ, റോസ് എന്നീ സംഘങ്ങളിലെ 26 അംഗങ്ങൾക്ക് 12,30,000/- രൂപയും നെടുവന്നൂർ വില്ലേജിലെ പ്രതിഭ സ്വയം സഹായ സംഘത്തിലെ 7 അംഗങ്ങൾക്കായി 2,80,000/-രൂപയും എഴുപുന്ന വില്ലേജിലെ ഫ്രണ്ട്സ് പുരുഷ സ്വയം സഹായ സംഘത്തിലെ 10 അംഗങ്ങൾക്കായി 3,00,000/- രൂപയും അച്ചിനകം, ഉദയനാപുരം എന്നീ വില്ലേജുകളിലെ മരിയാ, ദീപം, സ്നേഹ, ഉഷസ് എന്നീ സ്വയം സഹായ സംഘങ്ങളിലെ 23 അംഗങ്ങൾക്കായി 15,00,000/-രൂപയും പനങ്ങാട് വില്ലേജിലെ നിള സ്വയം സഹായ സംഘങ്ങളിലെ 10 അംഗങ്ങൾക്കായി 3,00,000/- രൂപയും കാലടി, നെട്ടിനംപിള്ളി എന്നീ വില്ലേജുകളിലെ തണൽ,സ്നേഹദീപം, ഭാവന, അമല എന്നീ സ്വയം സഹായ സംഘങ്ങളിലെ 30 അംഗങ്ങൾക്കായി 21,00,000/- രൂപയും നായരമ്പലം, എടവനക്കാട് എന്നീ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന കാവ്യശ്രീ, അൽഫോൻസ കൈരളി,എന്നീ സ്വയം സഹായ സംഘങ്ങളിലെ 38 അംഗങ്ങൾക്കായി 20,90,000/- രൂപയും വായ്പ അനുവദിച്ചു.

2024 ജൂൺ മാസത്തിൽ സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ കീഴിൽ വിവിധ വില്ലേജുകളിൽ പ്രവർത്തിച്ചുവരുന്ന 39 സംഘങ്ങളിലെ 254 അംഗങ്ങൾക്ക് സ്വയംതൊഴിൽ വിപുലീകരണത്തിനായി 1,40,30,000/- രൂപ വായ്പയായി വിതരണം ചെയ്തു.

**ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം**

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ എൽ ജി ഗ്രുപ്പുകൾ അശോകപുരം, പൊതിയക്കര, കാലടി, പനങ്ങാട്, ഞാറല്ലൂർ, താബോർ, മേലൂർ, പ്രസാദഗിരി, ആരക്കുന്നം, അയ്യമ്പുഴ, പഴങ്ങനാട് നോർത്ത് പറവൂർ, ചുള്ളി, തോട്ടുവ, ഓൾഡ് കുത്തിയതോട്, കുറ്റിപ്പുഴ, ഇല്ലിത്തോട്, അമ്പുനാട്, കാടുകുറ്റി മൂഴിക്കുളം, സെബിയൂർ, കോടുശ്ശേരി, മുന്നൂർപ്പിള്ളി, നെടുങ്ങാട്, വൈക്കം, കടമക്കുടി, വെസ്റ്റ് ചേരാനല്ലൂർ, വിമലഗിരി, കാക്കനാട്, താന്നിപ്പുഴ, യോർദനാപുരം, ചുള്ളി, കുറ്റിപ്പാറ, സൗത്ത് വാഴക്കുളം, എളംകുന്നപുഴ, മൂക്കന്നൂർ, ചെറുകടപ്പുറം കോക്കുന്ന്,എന്നി വില്ലേജുകളിൽ രൂപീകരിച്ചു.

**ജെ. എൽ. ജി. കൾക്ക് വായ്പ**

സഹൃദയ പുതിയതായി രൂപീകരിച്ചു വരുന്ന ജെ. എൽ. ജി. കൾക്ക് (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്) 2024 ജൂൺ മാസത്തിൽ 1,16,60000/- രൂപ ലോൺ നൽകി. 48 സംഘങ്ങളിലെ 236 അംഗങ്ങൾക്കാണ് ഈ തുക നൽകിയത്.

**ഹരിതകർമസേന പരിശീലനം**

കുടുംബശ്രീ എറണാകുളം, ഇടുക്കി ജില്ലാ മിഷനുകളുടെ ആഭ്യമുഖ്യത്തിൽ എറണാകുളം ജില്ലയിലെ കോതമംഗലം, വൈപ്പിൻ ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലും ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിലെ മറയൂർ, കാന്തല്ലൂർ, മാങ്കുളം, ദേവികുളം, മൂന്നാർ, പള്ളിവാസൽ, വട്ടവട പഞ്ചായത്തുകളിലും ഹരിതകർമസേനാംഗങ്ങൾക്ക് ത്രിദിന ശേഷിവികസന പരിശീലനങ്ങൾ സംഘടിപ്പിച്ചു.

**സോളാർ യൂണിറ്റുകൾക്ക് സബ്സിഡി**

കേന്ദ്ര സർക്കാർ സബ്സിഡിയോടെ സോളാർ യൂണിറ്റുകൾ ഭവനങ്ങളിൽ സ്ഥാപിച്ചു നല്കുന്ന സൂര്യഘർ പദ്ധതി സഹൃദയ വഴി നടപ്പാക്കുന്നു. വിശദവിവരങ്ങൾക്ക് 90740 60071 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

  Attention Plus Two Students!

- Excellent opportunities for students to pursue nursing and MBBS studies abroad.
- September intake still open for European destinations.
- Applications open for Jan 2025 intake in CANADA, AUSTRALIA, GERMANY, NEWZEALAND, UK, IRELAND AND EUROPEAN DESTINATIONS.
- IELTS offline & online classes (New batches on all Mondays).

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ജൂലൈയിൽ ആരംഭിക്കുന്നു. ഓഫ്ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 ജൂലൈ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (**B1, B2**) ജൂലൈ 1-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് പുതിയ ഓഫ്ലൈൻ ബാച്ചുകൾ (**A1**) ജൂലൈ 22-നും (**A2 & B1**) ജൂലൈ 24-നും ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024-2025).

4. സിവിൽ സർവീസ് റെഗുലർ ബാച്ച് ക്ലാസ്സുകൾ ജൂലൈ 4-ന് ആരംഭിക്കും
5. സിവിൽ സർവീസ് സൺഡേ ബാച്ച് ക്ലാസ്സുകൾ ജൂലൈ 7-ന് ആരംഭിക്കും
6. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **PROGRAMS: July 2024**

1. UGC NET /JRF PAPER I & PAPER II - Offline(Batch for 2024 DECEMBER exam)
2. BANK (IBPS, PO, CLERK, SO) - Offline (new admission all Mondays)
3. SSC (CGL, CHSL, MTS) - Offline (new admission all Mondays)
4. C MAT, K-MAT - Offline (Admission for next Exams)
5. PSC - Offline LDC 2024 (new admission all Mondays)
6. IELTS - (All Mondays new batch)
7. PTE (Pearson Test of English) - (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

**മെയ് 2024**

28 ഉച്ചയ്ക്ക് അരമനയിൽ സ്റ്റാഫംഗങ്ങളോടൊത്ത് ജന്മദിനം ആഘോഷിച്ചു.

വൈകുന്നേരം പുതിയ അധ്യയനവർഷാരംഭത്തോടനുബന്ധിച്ച് അരമനയിലെ സ്റ്റാഫംഗങ്ങളുടെ മക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും ആശംസകൾ നേരുകയും ചെയ്തു.

29 രാവിലെ എറണാകുളം ലിസി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന് രോഗീലേപനം നൽകി.

എറണാകുളം എഫ്. സി. സി. കോൺവെന്റിൽ സി. ഇമ്മാക്കുലേറ്റിന്റെ മൃതദേഹം പൊതുദർശനത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഇരിങ്ങാലക്കുട രൂപതയിലെ ചേലൂർ പള്ളിയിൽ ആഘോഷപൂർവ്വകമായ കുർബ്ബാനസ്വീകരണം നടത്തി.

30 രാവിലെ ആലുവ ജീവോദയ പ്രൊവിൻഷ്യൽ ഹൗസിൽ സി. ഫെലീഷ്യൻ CHF ന്റെ മൃതസംസ്കാരശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

ആലുവ ക്ലാരപുരം പ്രൊവിൻഷ്യൽ ഹൗസിൽ സി. ഇമ്മാക്കുലേറ്റ് FCC യുടെ മൃതസംസ്കാരശുശ്രൂഷയുടെ സമാപനകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

31 ഉച്ചകഴിഞ്ഞ് വരാപ്പുഴ അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. ആന്റണി വാലുങ്കൽനെ സ്വീകരിച്ചു.

ഉച്ചകഴിഞ്ഞ് അരമനയിൽ ദൈവദാസി സിസ്റ്റർ മേരി സെലിൻ ഓഫ് ജീസസിന്റെ അതിരൂപതാതല നാമകരണനടപടികളുടെ സപ്ലിമെന്ററി ഇൻക്വയറിക്ക് സമാപനം കുറിച്ചു.

**ജൂൺ 2024**

01 വൈകുന്നേരം പഴങ്ങനാട് ഇടവകദിനാഘോഷത്തിന്റെ ഉത്ഘാടനകർമ്മം നിർവ്വഹിച്ചു.

02 വൈകുന്നേരം ചുണങ്ങംവേലി നിവേദിതയിൽ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിന് ആമുഖസന്ദേശം നൽകി.

03 വൈകുന്നേരം കൂരിയ അംഗങ്ങളോടൊപ്പം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

04 വൈകുന്നേരം കുഴിക്കാട്ടുശ്ശേരി പള്ളിയിൽ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുന്നാളിനോടനുബന്ധിച്ചുള്ള വി. കുർബാനയ്ക്കും നൊവേനയ്ക്കും കാർമ്മികത്വം വഹിച്ചു.

05 പാലാരിവട്ടം പി. ഒ. സി. യിൽ കെ. സി. ബി. സി. യോഗത്തിൽ പങ്കെടുത്തു.

06 രാവിലെ ചുണങ്ങംവേലി നിവേദിതയിൽ ധ്യാനത്തിലായിരുന്ന വൈദികരെ സന്ദർശിച്ച് സന്ദേശം നൽകി.

07 അതിരൂപതാ ദിനത്തോടനുബന്ധിച്ച് (തിരുഹൃദയത്തിരുന്നാൾ) അരമന വെഞ്ചരിപ്പിലും ആരാധനയിലും പങ്കെടുത്ത് സന്ദേശം നൽകി.

08 രാവിലെ നെടുമ്പ്രക്കാട് വച്ച്, പൊന്നുരുന്നി സഹൃദയയുടെ ആഭിമുഖ്യത്തിൽ 100 കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന ഫൊറോനാവികാരിമാരുടെയും ആലോചനാസമിതി അംഗങ്ങളുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു.

09 ഉച്ചകഴിഞ്ഞ് ചെങ്ങൽ സെന്റ് ജെർമെയിൻസ് കോൺവെന്റിൽ സി. സിംബ്രോസ് സി.എം.സി. യുടെ മൃതദേഹം പൊതുദർശത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം കോടനാട് ഇടവകയിൽ ബഹുമാനപ്പെട്ട നിക്കോളാസ് മണിപ്പറമ്പിലച്ചന്റെയും സഹോദരൻ ബഹുമാനപ്പെട്ട തോമസ് മണിപ്പറമ്പിലച്ചന്റെയും നേതൃത്വത്തിൽ പണിതു നൽകുന്ന ഭവനങ്ങളുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

ചുണങ്ങംവേലി നിവേദിതയിൽ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനത്തിന് ആമുഖസന്ദേശം നൽകി.

10 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

12 രാവിലെ തൃക്കാക്കര ഭാരതമാതാ കോളേജിൽ ഗവേണിംഗ് ബോഡി യോഗത്തിൽ പങ്കെടുത്തു.

13 വൈകിട്ട് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

14 വൈകുന്നേരം ഓൺലൈൻ ആയി സിനഡ് യോഗത്തിൽ പങ്കെടുത്തു.

15 രാവിലെ അയ്യമ്പുഴ (പോട്ട) യിൽ ബഹുമാനപ്പെട്ട വർഗ്ഗീസ് മൂഞ്ഞേലി അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

കലൂർ റിന്യൂവൽ സെന്ററിൽ DCMS ന്റെ നേതൃത്വത്തിൽ നടന്ന വിദ്യാർത്ഥിസംഗമത്തിൽ പങ്കെടുത്ത് അവാർഡ്ദാനം നിർവ്വഹിച്ചു.

ഉച്ചയ്ക്ക് കലൂർ സെന്റ് പോൾസ് ഹൗസിൽ സൊസൈറ്റി ഓഫ് സെന്റ് പോൾ സഭാംഗമായ ബഹുമാനപ്പെട്ട ബ്രദർ ആഞ്ചലോ പുല്ലോക്കാരന്റെ മൃതദേഹം പൊതുദർശത്തിനുവച്ച വേളയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം ഇരിങ്ങാലക്കുട-കാട്ടൂർ ഇടവകയിൽ ബഹുമാനപ്പെട്ട മോൺസിഞ്ഞോർ അപ്രേം ആലപ്പാട്ട് പാലത്തിങ്കൽ ന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയിലും അനുസ്മരണസമ്മേളനത്തിലും പങ്കെടുത്തു.

16 വൈകുന്നേരം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

17 രാവിലെ അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിന്റെ മുന്നൂർപ്പിള്ളിയിലുള്ള എൽ.എഫ്. സൗരഭ്യയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

വൈകുന്നേരം കറുകുറ്റി സി.എം.സി. മഠത്തിൽ ദൈവദാസി സിസ്റ്റർ മേരി സെലിൻ ഓഫ് ജീസസിന്റെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

18 ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന ഫൊറോനാവികാരിമാരുടെയും ആലോചനാസമിതി അംഗങ്ങളുടെയും സംയുക്തയോഗത്തിൽ പങ്കെടുത്തു.

19 വൈകുന്നേരം ഓൺലൈൻ ആയി സിനഡ് യോഗത്തിൽ പങ്കെടുത്തു.

20 രാവിലെ ആലുവ ജ്യോതിനിവാസ് പബ്ലിക്ക് സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

ഉച്ചയ്ക്ക് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം അരമനയിൽ നടന്ന അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിന്റെ ബോർഡ് യോഗത്തിൽ പങ്കെടുത്തു.

21 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

24 രാവിലെ പൊതി (കലയത്തുംകുന്ന്) ഇടവകയിൽ ബഹുമാനപ്പെട്ട സേവി പടിക്കപ്പറമ്പിൽ അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് (ഭവനത്തിൽ) കാർമികത്വം വഹിച്ചു.

25 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം കൂരിയ അംഗങ്ങളൊരുമിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് റാഫേൽ തട്ടിൽ പിതാവുമായി കൂടിക്കാഴ്ച നടത്തി.

* * * * *







എൽ. എഫ്. സൗരഭ്യ, മുന്നൂർപിള്ളി

RNI No. 3421/57
Date of Publication: 01-07-2024

Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM




Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org